**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6024** **19/11/2019-ൽ മറുപടിയ്ക്ക്**

**ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ എത്രയെണ്ണം ഉണ്ട്; ഇത് എവിടെയെല്ലാമാണ്, വ്യക്തമാക്കാമോ; | (എ) | നിലവിൽ പ്രവർത്തിക്കുന്ന 11 ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ ഉണ്ട്. ഇവ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ പതിനൊന്ന് ജില്ലകളിലാണുള്ളത്. |
| (ബി) | 1961-ൽ കേന്ദ്ര നിയമപ്രകാരം സ്ഥാപിതമായ ഇവയുടെ പൊതു സ്ഥിതി വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 14 ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ അഡ്മിനിസ്ട്രേറ്ററും, ഇടുക്കി ജില്ലയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുമാണ് തുടർന്ന് വരുന്നത്. മലപ്പുറം ജില്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ ലിക്വിഡേഷനിലാണ്. അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കുന്നില്ല. 08.07.2019 ൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽ വന്ന പത്തനംതിട്ട ജില്ലയിലെയും 21-07-2018 ൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽ വന്ന കോഴിക്കോട് ജില്ലയിലെയും മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ മൊത്ത വ്യാപര ഉപഭോക്തൃ സഹകരണ സ്റ്റോറുകളുടെ വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്റ്റോറുകളിലെ വിൽപ്പന വസ്തുക്കൾക്ക് സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലെ ഐ.സി.ഡി.എസ്-കൾ എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) യും (ഡി) യും | നിലവിൽ 06.08.2019 ലെ സ.നി.വ:B1/493/2019 സ.നി.വ സർക്കുലർ പ്രകാരം, നിബന്ധനകൾക്ക് വിധേയമായി, സഹകരണ സ്റ്റോറുകളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിലക്ക് പിൻവലിച്ച് അംഗൻവാടികൾക്ക് ആവശ്യമായ വസ്തുക്കൾ ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിനുള്ള അനുമതി നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

| ജില്ല | നിലവിലെ ഭരണം | പ്രവർത്തനം സംബന്ധിച്ച വിവരം |
|---|---|---|
| തിരുവനന്തപുരം | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| കൊല്ലം | അഡ്മിനിസ്ട്രേറ്റർ | പ്രവർത്തനം ഇല്ല |
| പത്തനംതിട്ട | തെരഞ്ഞെടുത്ത ഭരണസമിതി | പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| ആലപ്പുഴ | അഡ്മിനിസ്ട്രേറ്റർ | പ്രവർത്തനം ഇല്ല |
| ഇടുക്കി | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | തുറന്നു പ്രവർത്തിക്കുന്നു |
| കോട്ടയം | അഡ്മിനിസ്ട്രേറ്റർ | തുറന്നു പ്രവർത്തിക്കുന്നു |
| എറണാകുളം | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| തൃശ്ശൂർ | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| പാലക്കാട് | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| കോഴിക്കോട് | തെരഞ്ഞെടുത്ത ഭരണസമിതി | പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| മലപ്പുറം | ലിക്വിഡേറ്റർ | ലിക്വിഡേഷനിലാണ് |
| കണ്ണൂർ | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| വയനാട് | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |
| കാസർഗോഡ് | തെരഞ്ഞെടുത്ത ഭരണസമിതി | തുറന്നു പ്രവർത്തിക്കുന്നു |

| | | |
|---|---|---|
| തുറന്നു പ്രവർത്തിക്കുന്നവ | - | 9 |
| പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളവ | - | 2 |
| **ആകെ** | - | 11 |

| | | |
|---|---|---|
| പ്രവർത്തനം ഇല്ലാത്തവ | - | 2 |
| ലിക്വിഡേഷൻ | - | 1 |
| **ആകെ** | - | 3 |

സെക്ഷൻ ഓഫീസർ

4008350/2019/OS (CO-OP)

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സാമൂഹ്യ നീതി (ബി) വകുപ്പ്

നം. സാനീവ-ബി1/493/2019/സാനീവ

തിരുവനന്തപുരം, തീയതി: 06.08.2019

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ നീതി/സഹകരണസ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങുന്നത് - ഭേദഗതി - സംബന്ധിച്ച്.

സൂചന: 1. 04.05.2011 ലെ 58814/ഡി.സി2/10/തസ്വഭവ നമ്പർ സർക്കുലർ.

2. അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29/05/2019 ന് ചേർന്ന യോഗനടപടിക്കുറിപ്പ്.

3. സാമൂഹ്യനീതി വകുപ്പിന്റെ 20.06.2019 ലെ സാനീവ-ബി1/493/2019-സാനീവ നമ്പർ സർക്കുലർ.

സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പദ്ധതിയുടെ നടത്തിപ്പ് ചുമതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറി നൽകിയിട്ടുണ്ട്. അംഗണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയിൽ സൗകര്യപ്രദമായ രീതിയിൽ ഇല്ലാതിരിക്കുകയും ആ സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയുടെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റിൽ നിന്നോ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങാൻ പാടുള്ളു എന്ന് നിർദ്ദേശം സൂചന ഒന്നിലെ സർക്കുലർ പ്രകാരം നൽകിയിരുന്നു.

അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അംഗീകൃത വിതരണ കേന്ദ്രങ്ങളിൽ നിന്നും മാത്രമേ വാങ്ങുവാൻ പാടുള്ളു എന്നും അഥവാ അത്തരത്തിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അംഗീകൃത വിതരണ കേന്ദ്രങ്ങൾ സമീപപ്രദേശത്തില്ലാത്ത പക്ഷം കോർപ്പറേഷന്റെ /സിവിൽ സപ്ലൈസ് വകുപ്പിന്റെ NOC വാങ്ങിയ ശേഷം മാത്രമേ മറ്റു വിപണന കേന്ദ്രങ്ങൾ വഴി വാങ്ങാവൂ എന്നും കർശന നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ നീതി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ നടത്തുന്ന സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീരമൈത്രി സ്റ്റോറുകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ നിന്നും അംഗനവാടികളിലെ ഭക്ഷ്യ വിതരണം

പുനരാരംഭിക്കണം എന്നത് സംബന്ധിച്ച് നിവേദനങ്ങൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന ഭേദഗതികളോടെ സർക്കുലർ പുറപ്പെടുവിക്കുന്നു.

മാവേലി/ സപ്ലൈകോ സ്റ്റോറുകളുടെ NOC കൂടാതെ നീതി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ നടത്തുന്ന സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീരമൈത്രി സ്റ്റോറുകൾ എന്നിവയിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകളോടെ അംഗനവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

1. മേൽ സ്ഥാപനങ്ങൾക്കു പൊതുജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതും കുറഞ്ഞത് ഒരു വർഷമായെങ്കിലും പ്രവർത്തിച്ചു വരുന്നതുമായ പ്രൊവിഷൻ സ്റ്റോർ സ്വന്തമായിട്ട് ഉണ്ടായിരിക്കണം. ഫുഡ് സേഫ്റ്റി വകുപ്പിന്റെ ഉൾപ്പെടെയുള്ള എല്ലാ നിയമപരമായ അംഗീകാരങ്ങളും ടി പ്രൊവിഷൻ സ്റ്റോറിനു ഉണ്ടായിരിക്കണം.
2. അപേക്ഷകൾ ലഭ്യമായാൽ പ്രസ്തുത സ്റ്റോറുകൾ ബന്ധപ്പെട്ട ഐസിഡിഎസ് സൂപ്പർവൈസർമാർ സന്ദർശിച്ച് ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത, ഗുണമേന്മ, ആ സ്ഥാപനത്തിന്റെ പ്രശസ്തിയും നിയമപരമായ അംഗീകാരം എന്നിവ പരിശോധിച്ച് വിലയിരുത്തി സി.ഡി.പി. ഒയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത സ്റ്റോറുകളിൽ നിന്നും ഭക്ഷ്യവിതരണം സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസറും സി.ഡി.പി.ഒയും സംയുക്തമായി തീരുമാനമെടുത്ത് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.
3. വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വില മാവേലി/സപ്ലൈകോ സ്റ്റോറുകളിൽ നിന്ന് വിതരണം ചെയ്യുന്ന വിലയ്ക്ക് തുല്യമോ/കുറവോ ആയിരിക്കണം. എല്ലാ മാസവും ഒരു തവണ എങ്കിലും DWCDO/PO/CDPO/ICDS സൂപ്പർവൈസർമാർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ വിലനിലവാരം പരിശോധിച്ച് അതിനായി അവരവരുടെ ഓഫീസിൽ സൂക്ഷിക്കുന്ന പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
4. അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല. ബന്ധപ്പെട്ട ഓഫീസർമാർ അംഗനവാടികൾ സന്ദർശിക്കുമ്പോൾ സിവിൽ സപ്ലൈസ്/മറ്റു അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭ്യമാക്കിയ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഭക്ഷ്യവസ്തുക്കൾ അംഗനവാടിയിലെ പിഞ്ചു കുട്ടികൾക്ക് വിതരണം ചെയ്യാവുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര് സഹിതം അംഗനവാടികളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഗുണ നിലവാരത്തിൽ വീഴ്ച ഉണ്ടെന്നു തോന്നുന്നപക്ഷം ജില്ലയിൽ സർക്കാർ ഉത്തരവ് പ്രകാരം

രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് ടീമിനെ അറിയിക്കേണ്ടതാണ്.

5. അറിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ ക്വാളിറ്റി അഷ്വറൻസ് ടീം അംഗൻവാടികളിൽ നിന്നും സാമ്പിൾ ശേഖരിക്കുകയും പരിശോധിക്കുമ്പോൾ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മയിൽ സംശയമുണ്ട് എന്ന് തോന്നുന്ന പക്ഷം ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ SOP പ്രകാരം സീൽ ചെയ്ത് കോന്നിയിലെ CFRD എന്ന സ്ഥാപനത്തിലേക്കോ മറ്റ് അംഗീകൃത ലാബുകളിലേക്കോ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ്. ഒരു സാമ്പിൾ ക്വാളിറ്റി അഷ്വറൻസ് ടീം സീൽ ചെയ്ത് അംഗൻവാടി വർക്കറുടെ ഒപ്പ് സഹിതം സൂക്ഷിക്കേണ്ടതുമാണ്. സാമ്പിൾ ശേഖരണത്തിന്റെ വിവരങ്ങൾ അംഗൻവാടി രജിസ്റ്ററിൽ അംഗൻവാടി വർക്കറുടെ ഒപ്പും ശേഖരിക്കുന്നവരുടെ ഒപ്പും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ഗുണനിലവാരം ഇല്ലെന്ന ലാബ് റിപ്പോർട്ട് ലഭിച്ചാൽ ആ വിവരം അതത് ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും ഉടൻതന്നെ വീഴ്ച വരുത്തിയ സ്ഥാപനത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത് നിർത്തി വയ്ക്കാനുള്ള സ്റ്റോപ്പ് മെമ്മോ ജില്ലാ വനിതാ ശിശു വികസന ഓഫീസർ നൽകേണ്ടതുമാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വീണ്ടും ഭക്ഷ്യവസ്തുക്കൾ വാങ്ങേണ്ടി വന്നാൽ അതിനായി വനിതാ ശിശു ക്ഷേമവകുപ്പ് ഡയറക്ടറുടെ പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. ഗുരുതരമായ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കരിമ്പട്ടികയിൽപെടുത്തുന്നതും മറ്റ് നിയമ നടപടികൾ സ്വീകരിക്കാനും ഉള്ള അധികാരം ഡയറക്ടർക്കായിരിക്കും.

**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
എല്ലാ ജില്ലാ ശിശു വികസന പദ്ധതി സൂപ്പർവൈസർമാർക്കും (വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്
മാനേജിംഗ് ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ